## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5334

05.07.2012 ൽ മറുപടിക്ക്

### പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇ-ടെന്റഡറും ഇ-പ്രൊക്യൂർമെന്റും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, ബെന്നി ബെഹനാൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ജോസഫ് വാഴക്കൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ടെൻഡർ, ഇ-പ്രൊക്യൂർമെന്റ് സൗകര്യങ്ങൾ തുടങ്ങിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന് E-governance സംവിധാനത്തിന്റെ ഭാഗമായി 2012-13 -ൽ തന്നെ ഇ-ടെൻഡർ, ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം എന്നിവ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നേട്ടങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുക എന്നതാണ് ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനത്തിന്റെ ലക്ഷ്യം. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ, ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെയുള്ള സാധനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവ വളരെ സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ ലഭ്യമാക്കുകയെന്നതാണ് ഇ-ടെണ്ടറിംഗ് സംവിധാനം വഴി ഉദ്ദേശിക്കുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ? | (സി) നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ (NIC) ഇ-പ്രൊക്യൂർമെന്റ് പോർട്ടൽ ഉപയോഗിച്ചാണ് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ഇ-പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിലെ പർച്ചേസ് ഡിപ്പാർട്ട്മെന്റിലെ രണ്ട് ജീവനക്കാരെ ഉൾപ്പെടുത്തി NIC യിൽ പരിശീലനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ